പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 1216

08.02.2013-ൽ മറുപടി
നൽകേണ്ടത്

## സീറോ ലാന്റ് ലെസ്സ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സീറോ ലാന്റ് ലെസ്സ് പദ്ധതി പ്രകാരം ഭൂമി നൽകുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ പട്ടികജാതിക്കാരായ അപേക്ഷകർ എത്ര; പട്ടികവർഗ്ഗമെത്ര; | (എ) 15.08.2012- ൽ പ്രസിദ്ധീകരിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 233232 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 38205 പട്ടിക ജാതിക്കാരും 2693 പട്ടികവർഗക്കാരും ഉൾപ്പെട്ടിട്ടുള്ളതായി പ്രാഥമിക അന്വേഷണത്തിൽ കാണുന്നു. |
| ബി) സംസ്ഥാനത്ത് എത്ര ഭൂരഹിത കുടുംബങ്ങൾ ഉണ്ട് എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്; | (ബി) 15.08.2012- ൽ പ്രസിദ്ധീകരിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 233232 ഭൂരഹിത കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. |
| (സി) എല്ലാ ഭൂരഹിതർക്കും അപേക്ഷ സമർപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തുന്നുണ്ടോ; | (സി) അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തവർക്കും കൂടി അപേക്ഷ സമർപ്പിക്കുന്നതിനായി സമയപരിധി 15.02.2013 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) ഭൂരഹിതരായ പട്ടിക വിഭാഗങ്ങളെ കണ്ടെത്തുന്നതിനും അവർക്ക് ഭൂമി നൽകുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) സീറോ ലാന്റ് ലെസ്സ് പദ്ധതിയിൽ ഭൂരഹിതരായ എല്ലാ വിഭാഗങ്ങളും ഉൾപ്പെടുന്നുണ്ട്. |
| (ഇ) ഇവർക്ക് എത്ര അളവിൽ ഭൂമി നൽകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; ഇതിന് ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ? | (ഇ) ഓരോ ഭൂരഹിത കുടുംബത്തിനും, ഭവന നിർമ്മാണത്തിന് അനുയോജ്യമായ 3 സെന്റ് ഭൂമി വീതം പതിച്ചു നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിലേയ്ക്ക് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ നടന്നു വരുന്നു. വിശദമായ പരിശോധനയും സർവ്വേ പ്രവർത്തനങ്ങളും പൂർത്തിയായാൽ മാത്രമേ പദ്ധതിക്ക് നിലവിൽ ലഭ്യമായ ഭൂമിയുടെ കൃത്യമായ വിവരം വ്യക്തമാകുകയുള്ളു. |

സെക്ഷൻ ഓഫീസർ